പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2709

27.01.2014 ൽ മറുപടിക്ക്

## കുട്ടനാട് പാക്കേജിലെ കിണർ നിർമ്മാണ പദ്ധതി

| | ചോദ്യം<br>ശ്രീ. സി. എഫ്. തോമസ് | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പുതുതായി കിണറുകൾ കുഴിക്കുവാനും നിലവിലുള്ള കിണറുകൾ പുനരുദ്ധരിക്കുവാനും അപേക്ഷ സ്വീകരിച്ചിട്ടുണ്ടോ; | (എ) | കുട്ടനാട് പാക്കേജിൽ കോട്ടയം ജില്ലയിൽ നിലവിലുള്ള കിണറുകൾ പുനരുദ്ധരിക്കുവാൻ 2013 മേയ് വരെ അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളതാണ്. |
| (ബി) | ഉണ്ടെങ്കിൽ അപേക്ഷകർക്ക് സാമ്പത്തിക സഹായം എപ്പോൾ ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | കോട്ടയം ജില്ലയിൽ നാളിതുവരെ 767 കിണറുകൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ 743 കിണറുകളുടെ പുനരുദ്ധാരണ പ്രവർത്തനം നടത്തിയിട്ടുണ്ട്. കിണറുകളുടെ പുനരുദ്ധാരണത്തിനുള്ള സാമ്പത്തിക സഹായം സമയബന്ധിതമായി നൽകുവാൻ 13-01-2014-ൽ കുട്ടനാട് പാക്കേജിന്റെ വകുപ്പ്തല അവലോകന യോഗത്തിൽ ജില്ല മണ്ണു സംരക്ഷണ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ